# അക്കാദമിക മാസ്റ്റർ പ്ലാൻ

അയ്യപ്പത്ത് കൊച്ചുകുട്ടൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ നടത്തറ പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്നു

നിരക്ഷരരും പരമ ദരിദ്രരും ആയിരുന്ന ഗ്രാമവാസികൾക്ക് അറിവിന്റെ വെളിച്ചം പകരാനായി 1952 യുപിഎസ് നടത്തറ എന്ന പേരിൽ ആരംഭിച്ച ഈ സരസ്വതി ക്ഷേത്രം നാടിന്റെ ആശ കേന്ദ്രവും ഭാവിയുടെ പ്രതീക്ഷയുമായിരുന്നു മുൻ മാനേജരും അധ്യാപകനും ആയിരുന്ന ശ്രീ എ കെ വേലായുധൻ മാസ്റ്ററുടെ അശ്രാന്ത് പരിശ്രമത്തിന്റെ ഫലമായിട്ടാണ് ഈ സ്കൂൾ സ്ഥാപിതമായത് 1976 സ്കൂളിന് ഹൈസ്കൂൾ ആക്കി ഉയർത്തുകയും എച്ച് എസ് പുച്ചട്ടി എന്നറിയപ്പെട്ടിരുന്ന ഈ വിദ്യാലയത്തെ 1983ൽ അയ്യപ്പ കൊച്ചു കുട്ടൻ മെമ്മോറിയൽ ഹൈസ്കൂൾ പൂച്ചട്ടി എന്ന്

നാമകരണം ചെയ്യുകയും ഉണ്ടായി 1991 ശ്രീ എ കെ വേലായുധൻ മാസ്റ്ററുടെ സ്ഥിരത്സാഹത്തിന്റെ ഫലമായി വിദ്യാലയത്തെ ഒരു ഹയർ സെക്കൻഡറി സ്കൂളിലായി ഉയർത്തുവാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ കാലശേഷം മകനായ അഡ്വക്കേറ്റ് എ വി ബാബു മാനേജരായി ഒരു പ്രിൻസിപ്പലിന്റെ കീഴിൽ ഹയർ സെക്കൻഡറി വിഭാഗവും ഹെഡ്മിസ്ട്രസ്സിന്റെ കീഴിൽ ഹൈസ്കൂൾ വിഭാഗവും പ്രവർത്തിച്ചുവരുന്നു

ലോകം ആധുനികതയുടെയും വിജ്ഞാനത്തിന്റെയും പുത്തൻ മേഖലകളിൽ സ്വപ്നങ്ങൾ നെയ്യുമ്പോഴും ഈ വിദ്യാലയം വളരെ വെല്ലുവിളികൾ നേരിടുന്നുണ്ട് സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നവരും സാമ്പത്തിക നില മെച്ചപ്പെട്ടവരും തങ്ങളുടെ കുട്ടികളെ മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങൾ ഉള്ള വിദ്യാലയങ്ങളിലേക്ക് അയക്കുന്നു ഈ വിദ്യാലയത്തിൽ നിന്ന് കുട്ടികൾ കൊഴിഞ്ഞു പോകുന്നതിന് കാരണമാകുന്നു ഈ സ്ഥാപനത്തിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ആകർഷകമാക്കിയും പഠന നിലവാരമുയർത്തിയും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയും ഈ പരിമിതികളെ മറികടക്കാവുന്നതാണ് ഇതിനായി താഴെ

പറയുന്ന പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തിന്റെ ഉന്നമനം ലക്ഷ്യമിടുന്നു.

നിലവിലുള്ള കെട്ടിടത്തിന്റെ സ്ഥാനത്ത് അടച്ചുറപ്പുള്ളതും വാർത്തതുമായ കെട്ടിടം നിർമ്മിക്കണം ഓരോ ക്ലാസ്സ് റൂമും വൈദ്യുതീകരിക്കണം ടൈലുകൾ വിരിച്ചത് ആകണം കുട്ടികൾക്ക് ചൂട് കുറവ് അനുഭവപ്പെടുന്ന തരത്തിലുള്ളത് ആയിരിക്കണം സീലിംഗ് ട്യൂബ് ലൈറ്റ് ഫാൻസ് സ്പീക്കർ എൽസിഡി പ്രൊജക്ടർ എന്നീ ഉപകരണങ്ങളോടുകൂടി വൈദ്യുതീകരിച്ച ക്ലാസ് മുറികൾ ആയിരിക്കണം ഓരോ ക്ലാസ് മുറിയും മേശകൾ കസേരകൾ അലമാരകൾ എന്നിവ കൊണ്ട് ഫർണിഷ് ചെയ്യണം വായനാ മൂലശാസ്ത്രം മൂല എന്നിവയ്ക്ക് ഉതകുന്ന തരത്തിലുള്ള അലമാരകളും സജ്ജമാക്കേണ്ടതുണ്ട് സൂക്ഷിക്കാനും ഉപയോഗിക്കാനും പാകത്തിലായിരിക്കണം കുട്ടികളുടെ മേശകൾ ക്ലാസിലെ ഓരോ കുട്ടിക്കും വീക്ഷിക്കാൻ ഉതകുന്ന തരത്തിൽ പ്രൊജക്ടർ സ്ക്രീൻ സജ്ജമാക്കണം



## പഠനത്തെയും വിലയിരുത്തലിനെക്കുറിച്ചുള്ള കാഴ്ചപ്പാട്

പ്രവർത്തനാധിഷ്ഠിതമായ പഠനവും വിലയിരുത്തലുകളും
പഠന നേട്ടങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമായ പഠന പ്രവർത്തനങ്ങളും
പരിസ്ഥിതി സൗഹൃദപരമായ പഠനത്തിന് പ്രാധാന്യം നൽകുന്നു

2023-24അധ്യയനവർഷത്തിൽ എ കെ എം എച്ച്എസ്എസ് പൂച്ചട്ടി നേടേണ്ട അക്കാദമിക നിലവാരം എത്ര എന്നും അവ എങ്ങനെ നേടണമെന്നും ആണ് ഈ പ്ലാനിൽ പറയുന്നത് അഞ്ചു മുതൽ 10 വരെ ക്ലാസുകളിലെ ഓരോ കുട്ടിയും അത് വർഷം നേടേണ്ടതായ എല്ലാ ശേഷികളും നേടിയിരിക്കണം എന്നതാണ് സ്കൂളിന്റെ പ്രധാന ലക്ഷ്യം കോവിഡ് കാലത്ത് ഓരോ വിദ്യാർത്ഥിക്കും ഡിവൈസ് എത്തിക്കുവാൻ സ്ഥാപനത്തിന് സാധിച്ചു തന്മമൂലം ഒമ്പതര മുതൽ മൂന്നര വരെ കൃത്യമായി ക്ലാസുകൾ നടത്തുവാൻ സാധിച്ചിട്ടുണ്ട് നടത്തറ പഞ്ചായത്തിലെ സമ്പൂർണ്ണ ഡിജിറ്റൽ വിദ്യാലയമായി സ്കൂൾ അംഗീകരിക്കപ്പെട്ടു ഈ നേട്ടം സ്കൂളിന്റെ മൊത്തത്തിലുള്ള ആത്മവിശ്വാസം വർധിപ്പിച്ചു
പഠനത്തെയും വിലയിരുത്തലിനെക്കുറിച്ചുള്ള കാഴ്ചപ്പാട് ചുറ്റുപാടിൽ നിന്ന് കണ്ടും കേട്ടും പഠിക്കാനുള്ള കഴിവുകളോടെയാണ് കുട്ടി ജനിക്കുന്നത് ലോകത്തെ

പുതിയ രീതികൾ നോക്കി കാണാനും മനസ്സിലാക്കാനും ഇടപഴകാനും വിലയിരുത്താനുമുള്ള സാധ്യതകളാണ് വിദ്യാലയത്തിലെ പഠനം വഴി കുട്ടിക്ക് ലഭിക്കുന്നത് തന്റെ മുന്നിലുള്ള പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് പ്രശ്നപരിഹാരം കണ്ടെത്തുന്നതിലൂടെയാണ് പഠനം നടക്കുന്നത്



## അഡ്മിഷൻ:

അഞ്ചു മുതൽ 10 വരെയുള്ള പുതിയ അഡ്മിഷൻ മെയ് 5 മുതൽ ആരംഭിക്കുന്നതാണ് ജൂൺ മാസത്തിലെ ആറാം പ്രവർത്തി ദിനത്തിനകം അഡ്മിഷൻ പൂർത്തിയാക്കി നിലവിൽ ഒരു ഡിവിഷൻ മാത്രമുള്ളത് വർദ്ധിപ്പിക്കുവാൻ ശ്രമിക്കണം അഡ്മിഷൻ സ്കൂളിൽ യാതൊരു സ്ക്രീനിംഗ് ടെസ്റ്റും നടത്തുന്നില്ല വിവിധ നിലവാരത്തിലുള്ള കുട്ടികളാണ് സ്കൂളിൽ എത്തുന്നത് അഡ്മിഷൻ നേടുന്ന കുട്ടികൾക്ക് ആവശ്യമെങ്കിൽ സാമ്പത്തിക സഹായം നൽകുകയും അധ്യാപക സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുകയും എല്ലാ കുട്ടികളെയും പൂർണ്ണ മനസ്സോടെ സ്വീകരിക്കുകയും ഉത്തമ പൗരന്മാരാക്കി മാറ്റുകയും ചെയ്യുക എന്നതാണ് സ്കൂളിന്റെ നയം

## ടെക്സ്റ്റ് ബുക്ക്

ടെക്സ്റ്റ് ബുക്ക് സൊസൈറ്റി സ്കൂളിൽ നിലവിലുണ്ട് അഞ്ചു മുതൽ 8 വരെ എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ പാഠപുസ്തകം സർക്കാർ നൽകുന്നത് കൃത്യസമയത്ത് തന്നെ വിദ്യാർത്ഥികൾക്ക് നൽകണം ഇവയെല്ലാം ലഭിച്ചു എന്നത് ക്ലാസ് ടീച്ചർ ഉറപ്പാക്കണം 9 10 ആയതിനാൽ കഴിവതും പഴയതു ഉപയോഗിക്കുവാൻ പ്രോത്സാഹിപ്പിക്കണം



## ടൈംടേബിൾ

ജൂൺ ഒന്നിന് തന്നെ ടൈംടേബിൾ നൽകണമെന്ന് ആയത് അനുസരിച്ച് ക്ലാസുകൾ കൃത്യമായി നടക്കണം കുട്ടികൾ ടെക്സ്റ്റ് നോട്ട് ഇവ കൊണ്ടുവരുന്നത് കൃത്യമായ ടൈംടേബിൾ അനുസരിച്ച് ആയിരിക്കണം ഇവ ക്ലാസ് ടീച്ചർ ഉറപ്പുവരുത്തണം

## കൗൺസിലിംഗ്

PHCവെള്ളാനിക്കരയിലെ ഡോക്ടറുടെ സേവനം ഇതിന് ഉപയോഗപ്പെടുത്തണം

പ്രവർത്തനം:

* അഞ്ചു മുതൽ 10 വരെ ക്ലാസിലെ കുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുക

* അതിൽ കൗൺസിലിംഗ് ആവശ്യമായവരെ കണ്ടെത്തുക

* ജനറൽബോഡിയിൽ അവതരിപ്പിക്കുക

* കുട്ടിയും രക്ഷിതാവും മാത്രമായുള്ള കൗൺസിലിംഗ് നടത്തുവാൻ ഡോക്ടർ പി എസ് സി നേഴ്സ് ഇവരുടെ സേവനം ആവശ്യപ്പെടുക കൃത്യമായി ചെയ്യുക

* പി ടി എയുടെ സഹായം തേടുക



## ജൂനിയർ റെഡ് ക്രോസ്

*ജൂനിയർ റെഡ് ക്രോസ്ചാർജ് ടീച്ചറിനെ ഏൽപ്പിക്കണം

*എട്ടാം സ്റ്റാൻഡേർഡിൽ നിന്ന് 20 കുട്ടികളെ കണ്ടെത്തണം

*അവർക്ക് വേണ്ട യൂണിഫോം കണ്ടെത്തണം

*A,B,Cലെവൽ പരീക്ഷയ്ക്ക് തയ്യാറാക്കണം സാമൂഹിക സേവനം ചെയ്യുവാൻ ഏർപ്പാട് ചെയ്യണം

## എസ്എസ്എൽസി

സ്കൂളിന്റെ ഏറ്റവും പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ് വിദ്യാർഥികളെ ഉന്നത പഠനത്തിന് ഉയർന്ന മാർക്കോടെ സജ്ജരാക്കുക എന്നത് എസ്എസ്എൽസി റിസൾട്ട് 100 ശതമാനം നേടുന്നതിനും സി പ്ലസ് എബൗട്ട് നേടുന്നതിനും വേണ്ട പ്രവർത്തനങ്ങൾ ഒന്ന് ജൂൺ ആദ്യവാരം തന്നെ 4 .30 വരെ സ്പെഷ്യൽ ക്ലാസ് നടത്തുക

*monthly testനടത്തുക

*.ആവശ്യമെങ്കിൽ റീ ടെസ്റ്റ് നടത്തുക

*സി പി ടി എ എല്ലാമാസവും കൂടുക

*പ്രീ മോഡൽ എക്സാം നടത്തുക



## സ്കോളർഷിപ്പ്

സ്കോളർഷിപ്പ് പരീക്ഷയ്ക്ക് യോഗ്യരായ വിദ്യാർഥികളെ കണ്ടെത്തുക അവർക്ക് സ്പെഷ്യൽ കോച്ചിംഗ് നടത്തുക ടെസ്റ്റുകൾ നടത്തുക പരിചയപ്പെടുത്തുക എല്ലാ കുട്ടികൾക്കും സ്കോളർഷിപ്പ് നേടിക്കൊടുക്കുക

## സ്പോർട്സ്

* സ്കൂൾതല സ്പോർട്സ് നടത്തണം
*ആവശ്യമായ സൗകര്യങ്ങൾ പിടിഎയുടെ സഹകരണത്തോടെ നടത്തണം
*ജില്ലാ മത്സരങ്ങൾക്ക് യോഗ്യരായവരെ കണ്ടെത്തിപ്രോത്സാഹിപ്പിക്കണം
*വിദ്യാഭ്യാസ സൗകര്യം മെച്ചപ്പെടുത്തുന്നതിന് ആയിട്ടുള്ള ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനായി സ്പോർട്സ് റൂം സജ്ജമാക്കണം
*ഗ്രൗണ്ടിൽ ഫുട്ബോൾ കളിക്കുന്നതിന് ഗോൾ പോസ്റ്റ് നിർമ്മിക്കണം
*ഗ്രൗണ്ടിൽ പുല്ലുവിരിച്ച് മനോഹരം ആക്കണം ഗ്രൗണ്ടിൽ ട്രാക്ക് നിർമ്മിക്കണം
*ഗ്രൗണ്ടിന് ചുറ്റും ഗ്യാലറി നിർമിക്കണം
*ബാസ്ക്കറ്റ്ബോൾ കോർട്ട് നിർമ്മിക്കണം
*സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമാകണം

*ഗ്രൗണ്ട് വൈദ്യുതീകരിക്കണം
*ഗ്രൗണ്ടിനു ചുറ്റും തരം മരങ്ങൾ വെച്ചുപിടിപ്പിക്കണം



## യൂത്ത് ഫെസ്റ്റിവൽ

ഫെസ്റ്റിവൽ നടത്തണം ഉപജില്ല ജില്ലാതല മത്സരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കണം
*അതിനുവേണ്ടതായ സഹായങ്ങൾ തേടണം
* കലയുമായി ബന്ധപ്പെട്ട അധ്യാപകർ ഇല്ല
*കുട്ടികളുടെ കലാപരുചി വർദ്ധിപ്പിക്കുന്നതിന് വേണ്ടതായ നടപടികൾ ഉണ്ടാവണം
*പിടിഎയുടെ സഹകരണം തേടണം
*സ്കൂളിനു കലാപരിപോഷണത്തിന് ആവശ്യമായ ഓഡിറ്റോറിയം നിർമ്മിക്കണം
*അതിനോടനുബന്ധിച്ച് മ്യൂസിക് റൂം ഡാൻസ് റൂം ഗ്രീൻ റൂം നിർമ്മിക്കണം
* ഓഡിറ്റോറിയം മൈക്ക് സ്പീക്കർ എന്നിവയോട് കൂടി വൈദ്യുതീകരിച്ചത് ഉണ്ടാകണം
*വർക്ക് എക്സ്പീരിയൻസ് കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി ഒരു ക്ലാസ് മുറിയും അവശ്യസാമഗ്രികളും ലഭ്യമാക്കണം സേവനം ലഭ്യമാക്കാനുള്ള അവസരം ഉണ്ടാകണം

## പൂന്തോട്ടം

*വിദ്യാലയ പരിസരം വൃത്തിയാക്കുന്നതിനും കുട്ടികൾക്ക് ആകർഷകമാകുന്നതിന് *ഉതകുന്ന രീതിയിലുള്ള പൂന്തോട്ടം നിർമ്മാണം
*പൂന്തോട്ടത്തിലേക്ക് ആവശ്യമായ ചെടിച്ചട്ടികൾ
ജലനിർമാർജനത്തിന് ആവശ്യമായ ചാലി നിർമ്മാണം
* വെട്ടുകത്തി പിക്കാസ് ചവറ് വരേണ്ടി കൊട്ട ചൂല് തുടങ്ങിയ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തൽ
*കൂടുതൽ ആകർഷണം ആക്കുന്നതിനായി ഫിഷ് ടാങ്ക് മനോഹരമായ *പുൽത്തകിടി സജ്ജമാക്കല് എന്നീ കാര്യങ്ങൾ ഉറപ്പുവരുത്തണം
*ജലലഭം ഉറപ്പുവരുത്തുന്നതിനായി മഴവെള്ള സംഭരണിയുടെ നിർമ്മാണം *വേനൽക്കാലത്ത് വരൾച്ച തടയുന്നതിനായി മഴ വെള്ള സംഭരണിയിലെ ജലം ഉപയോഗിക്കുന്ന വിധത്തിലുള്ള സംവിധാനം ഉറപ്പാക്കണം

*കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ജലശുദ്ധീകരണ സംവിധാനം ആരംഭിക്കേണ്ടതുണ്ട്
*കുട്ടികൾക്ക് ഒരേസമയം ചൂടുവെള്ളവും തണുത്ത വെള്ളവും കിട്ടുന്നതായിരിക്കണംസ്കൂളിൽ



## പ്ലാസ്റ്റിക് നിർമാർജനം

*പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനായി ഉപയോഗശൂന്യമായ പ്ലാസ്റ്റിക്കുകൾ ശേഖരിക്കുവാൻ സാധ്യമായ രീതിയിലുള്ള വലിയ ടെസ്റ്റ് വിന്നുകൾ സ്ഥാപിക്കണം.
*അത് പുനചക്രമണം ചെയ്യുന്നതിനുള്ള സംവിധാനം സ്കൂളിൽ ഏർപ്പെടുത്തണം
*പ്ലാസ്റ്റിക് വേസ്റ്റ് ബക്കറ്റുകൾക്ക് പകരമായി കടലാസ് സഞ്ചികൾ വയ്ക്കുക *പ്ലാസ്റ്റിക് പേനകൾക്ക് പകരം നശിപ്പേനകൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുക
*എല്ലാ കുട്ടികൾക്കും ഒരു നശിപ്പേന നൽകുക

*ഓരോ ക്ലാസിലും ഒരു മഷിക്കൂട്ടി വയ്ക്കുക
*മത്സരങ്ങളിൽ സമ്മാനമായി പേനകൾ നൽകാം
*ബോധവൽക്കരണ ക്ലാസ് ഡ്രൈഡേ ആചരിക്കുക
*ജൈവ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക
*സമൂഹത്തിൽ ഇതിന്റെ ദോഷങ്ങളെ കുറിച്ചിട്ടുള്ള ക്ലാസുകൾ നൽകുക



<u>പാർശ്വവൽക്കരിക്കപ്പെട്ടവരുടെ മക്കളുടെ പഠന പിന്തുണയെ സംബന്ധിച്ചുള്ള കാഴ്ചപ്പാട്</u>

*കോർണർ പിടിഎ ഗൃഹസന്ദർശനം എന്നിവ വഴി വിദ്യാഭ്യാസ അവബോധം രക്ഷിതാക്കൾക്ക് നൽകുക
*സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങളും മറ്റു ആവശ്യങ്ങൾക്കും സ്പോൺസർമാരെ കണ്ടെത്തി സഹായം എത്തിക്കുന്നു
*കുട്ടികൾക്ക് വീട്ടിൽ നല്ലൊരു പഠനാന്തരീക്ഷം ഒരുക്കി കൊടുക്കുവാനുള്ള അവബോധം കൗൺസിലിംഗ് മാതാപിതാക്കൾക്ക് കൊടുക്കണം

## പ്രത്യേക പരിഗണന അർഹിക്കുന്നവരോട് ഉള്ള സമീപനം

*പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വിദ്യാലയത്തിൽ പ്രത്യേക പരിശീലനം മുറികൾ പഠനോപകരണങ്ങൾ എന്നിവയ്ക്കൊപ്പം നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള പരിശീലനവും ആസൂത്രണം ചെയ്യണം

*ഇങ്ങനെയുള്ള കുട്ടികളെ എല്ലാ കാര്യങ്ങളിലും സഹായിക്കാനുള്ള മനസ്ഥിതി മറ്റു സഹപാഠികളിൽ ഉണ്ടാക്കുവാനുള്ള പ്രചോദനം നൽകണം

*പ്രത്യേക പരിഗണനാർഹിക്കുന്നവർക്ക് പ്രത്യേക സൗകര്യങ്ങളോടുകൂടിയതും എളുപ്പം എത്തിപ്പെടാവുന്നതുമായ ശുചിമുറികൾ ഒരുക്കണം

*രക്ഷിതാക്കളുടെ അക്കാദമിക പ്രവർത്തന പിന്തുണ സംബന്ധിച്ച കാഴ്ചപ്പാട്



## അധ്യാപക ശാക്തീകരണ പരിപാടികൾ

അധ്യാപക ശാക്തീകരണ പരിപാടികൾ വർഷത്തിൽ ഒരാഴ്ചയിൽ ഒതുങ്ങുന്നതും റിസോഴ്സ് ഫുള്ളും ആയിരിക്കണം

അധ്യാപക ശാക്തീകരണ പരിപാടിയുടെ ഭാഗമായി ഓരോ വിഷയത്തിലും പ്രഗൽഭരായ വ്യക്തികളെ കൊണ്ട് സംശയനിവാരണം നടത്തുന്നതിനുള്ള അവസരം ഒരുക്കണം

ഒരു വിഷയത്തിലും സാങ്കേതികവിദ്യയിൽ പ്രഗത്ഭരായ അവരെ കൊണ്ട് ഓരോ വിഷയവുമായി ബന്ധപ്പെടുത്തി നൂതന ആശയങ്ങൾ പരസ്പരം കൈമാറ്റം ചെയ്യുന്നതിനുള്ള അവസരം ഒരുക്കണം

* ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രഗൽഭരുമായി സംവാദത്തിൽ ഏർപ്പെടാനുള്ള അവസരങ്ങൾ വീഡിയോ കോൺഫറൻസിലൂടെ ലഭ്യമാക്കണം *അധ്യാപക ശാക്തീകരണ പരിപാടികൾ ലോകോത്തര നിലവാരം പുലർത്തുന്നതായിരിക്കണം

*ഓരോ കുട്ടിയുടെയും തനതായ കഴിവുകൾ കണ്ടെത്തിയ ഏറ്റവും ഉയർന്ന തലത്തിലേക്ക് കൈപിടിച്ചുയർത്തുന്നതിനുള്ള പഠനബോധന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക

*ഓരോ കുട്ടികൾക്കും പഠനത്തിനും വിദ്യാഭ്യാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കി നൽകുക

*വിദ്യാർത്ഥികൾ സമപ്രായക്കാരായ ലോകത്ത് ഉടയുമുള്ള കുട്ടികൾ വർജിക്കുന്നു അറിവും കഴിവും സ്വന്തം സാധ്യതയുടെ പരമാവധിയിൽ നേടും എന്നുള്ളത് ഉറപ്പാക്കി കൊടുക്കുക

## ഉച്ച ഭക്ഷണം

സർക്കാർ നിർദ്ദേശപ്രകാരമുള്ള ഭക്ഷണം അഞ്ചുമുതൽ ഏറ്റു വരെയുള്ള കുട്ടികൾക്ക് നൽകണം

അതിനായി മെയ് മാസത്തിൽ തന്നെ മീറ്റിംഗ് കൂടണം അംഗങ്ങളെ തിരഞ്ഞെടുക്കണം

എല്ലാ മാസവും അത് മാസത്തെ പ്രവർത്തനങ്ങളുടെ അവലോകത്തിന് മീറ്റിംഗ് കൂടണം

പ്രാദേശികമായ പച്ചക്കറികൾ നൽകുവാൻ ശ്രദ്ധിക്കണം

പാചകപ്പുരയുടെ നവീകരണത്തിന്റെ ഭാഗമായി തറ കോൺക്രീറ്റ് ചെയ്ത് കയ്യിൽ പിരിക്കണം ഒരു വശത്ത് ചുമരലൽമാര് ഒരുക്കണം വൈദ്യുതീകരിക്കണം

ഓരോ കുട്ടിക്കും ആവശ്യമായ പ്ലേറ്റും ഗ്ലാസും ലഭ്യമാക്കണം

പാത്രം കഴുകാൻ സൗകര്യം ഉറപ്പാക്കണം

പാചകപ്പുരയോട് ചേർന്ന് അരിയും പലചരക്കും സൂക്ഷിക്കാൻ രീതിയിലുള്ള സ്റ്റോറും നിർമ്മിക്കണം

വാട്ടർ പ്യൂരിഫയർ തുടങ്ങിയവയുടെ ലഭ്യത ഉറപ്പുവരുത്തണം



അതിനോട് ബന്ധപ്പെട്ട് എല്ലാ കുട്ടികൾക്കും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഭക്ഷണശാല നിർമ്മിക്കണം
കൈ കഴുകാനും കുട്ടികൾക്ക് പാത്രം കഴുകാനും ഉള്ള സൗകര്യം ഏർപ്പെടുത്തണം
*കുട്ടികൾക്ക് ഒരേസമയം ചൂടുവെള്ളവും തണുത്ത വെള്ളവും കിട്ടുന്നതായിരിക്കണംസ്കൂളിൽ

<u>ഭാഷാ പഠനം</u>

*എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നു എന്നും എഴുതുന്നു എന്നും ഉറപ്പാക്കുക
*എല്ലാ കുട്ടികളും ഓരോ പ്രായ ഘട്ടത്തിലും അനുയോജ്യമായ വിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടിയെന്ന് ഉറപ്പാക്കുക *കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
*പതിപ്പുകൾ തയ്യാറാക്കൽ

* ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക

*ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുക

* വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ

* ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി വായന മൂല സജ്ജമാക്കൾ



* ആസ്വാദകരമായ വായനയിൽ വൈദ്യം നേടുക

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത സജ്ജീകരിക്കൽ

* ദിനാചരണങ്ങൾ സംഘടിപ്പിക്കൽ

*സെമിനാറുകൾ സംഘടിപ്പിക്കൽ

*ക്ലബ്ബ് രൂപീകര കൗതുകം വിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക

* ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക ശാസ്ത്രത്തിന്റെ രീതി സാഹിത്യമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക കൗതുകം ജിഗ്നാസ നിരീക്ഷണപാഠം എന്നിവ പരിപോഷിപ്പിക്കുക

* ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുകണം

* വ്യക്തിഗതമായ സ്വതന്ത്രമായ രചനയ്ക്കും അവസരം ഒരിക്കൽ

*കവിതയുടെ രചനാരീതി സാമൂഹ്യപ്രസക്തി തുടങ്ങിയ സവിശേഷതകൾ പരിഗണിച്ച് സ്വന്തം കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നത്

*സാഹിത്യകൃതികൾ വായിച്ച് വിവരങ്ങൾ ഉൾക്കൊള്ളുകയും വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ ആവിഷ്കരിക്കുകയും ചെയ്യുന്നതിന്.

## ഇംഗ്ലീഷ് പഠനം

'*Wh' കവസ്റ്റ്യൻസ് ചോദിക്കാനും മനസ്സിലാക്കാനും ഉള്ള ശേഷി നേടുന്നു *ആശയവിനിമയം നടത്താനുള്ള ശേഷി നേടുന്നു



*എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക

* കുട്ടികളുടെ ഉള്ള ഭാഷാ പഠനം കുട്ടികളുടെ വായന സാമൂതിരികളുടെ നിർമ്മാണം നല്ല കഥകൾ വായിക്കാനും ആസ്വദിക്കാനും അതിലെ മൂല്യ തത്വങ്ങൾ മനസ്സിലാക്കാനും ഉള്ള കഴിവ് നേടുന്നു

* ഇംഗ്ലീഷിൽ ലാബ് സജ്ജമാക്കാൻ വിദഗ്ധരുടെ പരിശീലന ക്ലാസ് നൽകൽ *വീഡിയോയിലൂടെ ഇംഗ്ലീഷ് പഠനം രസകരമാക്കൽ

*പാഠഭാഗം ആയി ബന്ധപ്പെട്ട നാടകം അവതരിപ്പിക്കുക

*ആനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക

*ബാലസാഹിത്യം മാസികകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും കൃതികളെയും പരിചയപ്പെടാൻ അവസരം ഒരുക്കുക

*തിരക്കഥ നിർമാണത്തിൽ പ്രാവീണ്യം നേടൽ കഥാപാത്രനിരൂപണം തയ്യാറാക്കൽ

*വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കുക

*തെറ്റുകൾ കണ്ടെത്താൻ തിരുത്താനുമുള്ള കഴിവ്

*കഥാകവിത നോവൽ നന്നായി വായിക്കാനും മനസ്സിലാക്കാനും ഉള്ള കഴിവ് നേടുക



*വായനയിലൂടെ പുതിയ വാക്കുകൾ കണ്ടെത്തി ഉപയോഗിക്കാനുള്ള ശേഷി നേടുക

*വായനയിലയുടെയും അവതരണത്തിലൂടെയും ധൈര്യവും ആത്മവിശ്വാസവും നേടിയെടുക്കൽ

*കലോത്സവങ്ങളിൽ ഓഫ് സ്റ്റേജ് ആൻഡ് സ്റ്റേജ് ഐറ്റംസ് അവതരിപ്പിക്കാനുള്ള കഴിവ് വിശ്വാസം ധൈര്യം നേടിയെടുക്കൽ

*പാടത്തിലെ ഓരോ പാസ്സേജിൽ നിന്നും സ്വന്തമായി ചോദ്യങ്ങൾ ഉണ്ടാക്കാനുള്ള കഴിവ് നേടുക ഓരോ പാഠത്തിൽ നിന്നും സ്വന്തമായി ഡയറി നോട്ടീസ് കോൺവർസേഷൻ ഉള്ള ചോദ്യങ്ങൾ കണ്ടെത്താനും എഴുതാനുമുള്ള ശേഷി

*സന്ദർഭം അനുസരിച്ച് പോസ്റ്റർ തയ്യാറാക്കാനുള്ള ശേഷി

*എല്ലാ ആക്ടിവിറ്റീസിലും സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തൽ

## ജീവശാസ്ത്രം

*കൗതുകം നിരീക്ഷണ പാഠവും എന്നിവ പരിപോഷിപ്പിക്കുക

*ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കഴിയുക

*ശാസ്ത്രത്തിന്റെ രീതി സാഹിത്യമാക്കുകയും പ്രയോഗിക്കുകയും ചെയ്യുക *പരിസ്ഥിതി സൗഹൃദം മനോഭാവം വളർത്തുക പ്രകൃതിയിലെ പരസ്പരത്വം തിരിച്ചറിയുക

*ശാസ്ത്രത്തിന്റെ ദുരുപയോഗം തടയുക പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക

*വ്യക്തി ശുചിത്വവും സാമൂഹിക ശുചിത്വവും പരിപാലിച്ചുകൊണ്ട് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കൽ

*ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക ശാസ്ത്രനേട്ടങ്ങൾ സാമൂഹ്യ നന്മയ്ക്കായി പ്രയോജനപ്പെടുത്തുക

*ശാസ്ത്രത്തിന് വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക *മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക

## സാമൂഹ്യ ശാസ്ത്രം

*ചരിത്രശേഷിപ്പുകളുടെ സംരക്ഷണത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന പ്രാദേശിക ചരിത്രരചനയ്ക്കുള്ള ശേഷം തേടുന്നു

*ശിലായുഗത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ പ്രാചീന ശിലായുഗം നവീനശിലായുഗം എന്നിവ താരതമ്യം ചെയ്യുന്നു



*സർവ്വലോകത വൈകാരിക ബന്ധം പരിമിതമായ വലിപ്പം ഉത്തരവാദിത്വബോധം എന്നിവ കുടുംബത്തിന്റെ സവിശേഷതകളാണ് കുടുംബപതിക്ക് മിതവയ ശീലം അനിവാര്യമാണെന്ന് തിരിച്ചറിയുക

*പ്രപഞ്ചം സൗരയൂഥം എന്നിവ തിരിച്ചറിയുക ഭൂമിയിലെ വിവിധ വൻകരകളെ കുറിച്ചും സമുദ്രങ്ങളെ കുറിച്ചും ധാരണ നേടുക

* പിൽക്കാല വേദകാലഘട്ടത്തിലെ ജനജീവിതത്തെ തിരിച്ചറിഞ്ഞ് അതിനെ ഋഗ്വേദകാല ജീവിതവുമായി താരതമ്യം ചെയ്യുന്നു

*ബുദ്ധമതവും ജൈനമതവും രൂപപ്പെടാൻ ഉണ്ടായ സാഹചര്യം വിലയിരുത്തുന്നു

*ജനാധിപത്യം ഒരു ഭരണക്രമം എന്നതുപോലെ ഒരു ജീവിതരീതി കൂടിയാണെന്നും സമൂഹത്തിന്റെ പൊതു നന്മയ്ക്ക് അത് അനിവാര്യമാണെന്നും കണ്ടെത്തുന്നു

* കേരളത്തിന്റെ സ്ഥാനം അതിരുകൾ ജില്ലകൾ എന്നിവ വിശദീകരിക്കുന്നു.

*നദികൾ നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയുകയും നദികളും കായലുകളും സംരക്ഷിക്കപ്പെടേണ്ടതാണെന്ന് മൂല്യം തിരിച്ചറിയുകയും ചെയ്യുന്നു *ഹിമാലയത്തിൽ നിന്ന് ഉത്ഭവിക്കുന്ന നദികളും ഉപദ്വീപിയായ നദികളും തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിയുന്നു

* അധികാര കേന്ദ്രമാവാൻ ഡൽഹിയെ സഹായിച്ച ഭൂമിശാസ്ത്ര പ്രത്യേകതകൾ വിശദീകരിക്കുന്നു. ഫസ്റ്റ മേശയിലും ദക്ഷിണേന്ത്യയിലും നിലനിന്ന വിവിധ അധികാര കേന്ദ്രങ്ങളെ പറ്റി വിശദീകരിക്കുന്നു.*



* മധ്യകാല ഇന്ത്യയിലെ സാമൂഹിക സാമ്പത്തിക ജീവിതം വിശകലനം ചെയ്യുന്നു.

*കൃഷിക്ക് അനുകൂലമായ ഭൂമിശാസ്ത്ര ഘടകങ്ങളാണ് കേരളത്തിലുള്ളതെന്ന് തിരിച്ചറിയുന്നു.

*കേരളത്തിലെ ഭൂപ്രകൃതി കാലാവസ്ഥ മണ്ണിനങ്ങൾ എന്നിവയിലെ വൈവിധ്യം കാർഷിക വൈവിധ്യത്തിന് കാരണമാകുന്നു എന്ന് തിരിച്ചറിയുന്നു

*ഘടകങ്ങളായ ഭൂമി തൊഴിൽ മൂലധനം സംഘാടനം എന്നിവയുടെ സവിശേഷതകൾ വിവിധ

മാർഗങ്ങളിലൂടെ അവതരിപ്പിക്കുന്നു മെന്റ് ഏറ്റെടുക്കാൻ ഉണ്ടായ സാഹചര്യം ബോധ്യപ്പെടുന്നു
*ഇന്ത്യയിൽ നിലനിന്നിരുന്ന സാമൂഹിക അനാചാരങ്ങളെ കുറിച്ചും സാമൂഹിക പരിഷ്കർത്താക്കളെ കുറിച്ചും ധാരണ നേടുന്നു.
* സാമ്പത്തിക പ്രവർത്തനങ്ങളെ വിവിധ മേഖലകളായി തരംതിരിക്കാൻ കഴിയുന്ന

<u>സാമൂഹ്യശാസ്ത്ര ലാബ്,</u>

* :പടവാഗങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കുട്ടികളിൽ നിന്നും ലഭ്യമായ പ്രതികരണങ്ങളിൽ നിന്നും വിവരശേഖരണങ്ങളിൽ നിന്നും ആശയങ്ങൾ ഉൾക്കൊള്ളുന്നതിനും കൂടുതൽ അറിവ് ലഭ്യമാക്കുന്നതിനും പാഠപുസ്തകങ്ങൾ അപര്യാപ്തമാണെന്ന് മനസ്സിലായി



പ്രതീക്ഷിത നേട്ടങ്ങൾ :

സാമൂഹ്യശാസ്ത്രം എളുപ്പമാക്കുക

സാമൂഹ്യ മൂല്യങ്ങൾ വളർത്തുക

പ്രകൃതി വിഭവങ്ങളെ കുറിച്ച് കൂടുതൽ മനസ്സിലാക്കുക

പ്രകൃതി സംരക്ഷിക്കപ്പെടേണ്ടത് ആണ് എന്ന് ബോധ്യപ്പെടുത്തുക

പൈതൃക സമ്പത്തിന് കുറിച്ച് ബോധവാന്മാരാക്കുക

ചരിത്ര സ്മാരകങ്ങൾ സാമൂഹിക
സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന് അവബോധം
വളർത്തുക സാമൂഹിക ആശയങ്ങൾ ഉൾക്കൊണ്ട് നല്ല
പൗരന്മാരായി വളർത്തുക

പ്രവർത്തന

*സാമൂഹ്യശാസ്ത്ര പഠനത്തിനും സാമൂഹ്യ ശാസ്ത്ര
ലേബിന്റെ ആവശ്യകതയിൽ അവതരിപ്പിച്ച ചർച്ച
ചെയ്യുന്നു.

* ലേബർ സജ്ജീകരിക്കാൻ ആവശ്യമായ സ്ഥലം
കണ്ടെത്തുന്നു തുടങ്ങിയവ സജ്ജീകരിക്കുന്നു

* കൂടുതൽ സജ്ജീകരണങ്ങൾ നടത്തുന്നതിനായി എസ്
ആർ ജിയിൽ ചർച്ച ചെയ്യുന്നു

* എക്സിക്യൂട്ടീവ് യോഗവും പൂർവ്വ വിദ്യാർത്ഥി
സമ്മേളനവും നടത്തുന്നു* വിദ്യാർത്ഥികൾ
എന്നിവരുടെ സഹായത്തോടെ സാമ്പത്തിക ചെലവ്
കണ്ടെത്തുന്നു



* കുട്ടികളുടെ സഹായത്തോടെ ചരിത്രസ്മാരകങ്ങളുടെ
മോഡൽസ് ശേഖരിക്കുന്നു. * പുരാവസ്തുക്കൾ

നാണയങ്ങൾ എന്നിവയുടെ ശേഖരണം സോഷ്യൽ സയൻസ് ക്ലബ്ബിന്റെ അഭിമുഖ്യത്തിൽ നടത്തുന്നു.

8. ശാസ്ത്രമേളയോടനുബന്ധിച്ച് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കുട്ടികൾ തയ്യാറാക്കുന്ന വെയിൽ മികച്ചത് ലാബിൽ ഉൾപ്പെടുത്തുന്നു

* 8.9, 10 ക്ലാസുകളിലെ അക്ഷാംശം രേഖാംശം സമയ നിർണയം എന്നിവയും സൂര്യന്റെ സാങ്കല്പിക സ്ഥാനം കണ്ടെത്തുന്നതിനും ഗ്ലോബ് ഉപയോഗിക്കുന്നു

* ഒമ്പതാം ക്ലാസിൽ പ്രകൃതിയുടെ കൈകളാൽ എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ ഭൂരൂപങ്ങൾ പരിചയപ്പെടുത്തുന്നു

## ഗണിതം

ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ആയിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക

ഗണിത പഠനം ലളിതവും രസകരവും ആക്കുക

വിനോദ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക

ഐസിടി സാധ്യതകൾ പരമാവധി ഉപയോഗിക്കുക

രക്ഷിതാക്കളുടെ പിന്തുണ ഗണിത പഠനത്തിൽ ഉറപ്പുവരുത്തുക

ജാമിതീയ രൂപങ്ങൾ തിരിച്ചറിയുക

സംഖ്യ പാറ്റേണുകൾ എളുപ്പത്തിൽ ചെയ്യുക

ഗുണന പട്ടിക ഉപയോഗം തിരിച്ചറിയുക

സദുഷ്ക്രിയകൾ ഉറപ്പിക്കുക

പ്രശ്നപരിഹാരം പ്രായോഗിക പ്രശ്നപരിഹാരത്തിനും മുൻഗണന

ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംഘലിനം വ്യവകലനം ഗുണനം ഹരണം എന്നിവ സഹായകമാകുന്നു എന്ന് കുട്ടികൾ തിരിച്ചറിയുന്നു

വസ്തുക്കളെ ഗണിതശയങ്ങൾ ഉൾപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനും ഉള്ള കഴിവുകൾ കുട്ടികൾ വളർത്തുക

കൃത്യമായി സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാക്കുക

ജാമിതീയിൽ നിന്നും സംഖ്യകളിൽ നിന്നും പാറ്റേൺ നിർമ്മിക്കുക

കുട്ടികൾ സ്വന്തമായി വർക്ക് സീറ്റുകൾ നിർമ്മിക്കുകയും ക്ലാസ്സിൽ അവതരിപ്പിക്കുകയും ചെയ്യുക

ഗണിതശാസ്ത്രജ്ഞൻ മാരെ കുറിച്ചുള്ള അറിവുകൾ നേടുക

സെമിനാർ ഉപന്യാസ രചന ക്വിസ് ഗണിതോത്സവം എന്നിവ സംഘടിപ്പിക്കുക ഗണിത ലാബ് ശരിയാക്കുക

കൂട്ടുപലിശ അർദ്ധ വാർഷികമായും പാതവാർഷികമായും കണക്കാക്കുന്ന രീതി വിവിധ രീതിയിൽ സമചതുരം നിർമ്മിക്കുന്ന രീതികം എന്നിവ വരയ്ക്കുന്ന രീതി



രണ്ട് അളവുകൾ തമ്മിലുള്ള അംശബന്ധത്തെ ഭാഗങ്ങളും അടങ്ങായും വിശദീകരിക്കുന്നത് രീതി

പരപ്പളവ് തുടങ്ങിയ ആശയങ്ങൾ ഉറപ്പിക്കുക

## അടിസ്ഥാന ശാസ്ത്രം

ശാസ്ത്ര സിദ്ധാന്തങ്ങളും പ്രയോഗങ്ങളും ക്ലാസ് റൂം സംബന്ധിയായി പഠിപ്പിക്കുമ്പോൾ കുട്ടികൾക്ക് വിരസത ഉണ്ടാകാതിരിക്കാനും പ്രശ്നപരിഹാരണത്തിനുള്ള ശേഷിയും കണ്ടെത്തൽ പഠനത്തിനുള്ള ശേഷിയും വളരുന്നതിന് പകരം ശാസ്ത്ര

സംബന്ധമായ വിവരങ്ങൾ സ്വാംശീകരിക്കുന്ന ഒന്നായി ശാസ്ത്ര പഠനം മാറാതിരിക്കാനും പ്രക്രിയാധിഷ്ഠിതമായ ശാസ്ത്രത്തെ സമീപിക്കാൻ നവീനവുമായ ഒരു ലാബ് അത്യന്താപേക്ഷിതമാണ് സിലബസ് അധിഷ്ഠിതമായി ലാബ് നവീകരിക്കേണ്ടത് അത്യാവശ്യമാണ്

സിമ്പിൾ എക്സ്പരിമെന്ററിന്റെ ഉപയോഗത്തിലൂടെ ശാസ്ത്ര തത്വങ്ങളിൽ കുട്ടികൾക്ക് താൽപര്യം വർദ്ധിക്കുന്നതായി കാണുന്നു

പ്രതീക്ഷിത നേട്ടങ്ങൾ

*ശാസ്ത്ര ബിരുജി വളർത്തൽ പ്രക്രിയ ശേഷി സ്വാഭാവികമായി ആർജിക്കൽ *ശാസ്ത്ര പഠനത്തിൽ കുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിച്ച് പഠനം എളുപ്പമാക്കൽ



*വിവിധതരം പരീക്ഷണങ്ങൾ കാണാനും ചെയ്യാനുമുള്ള അവസരം ലഭിക്കുന്നു

*മിശ്രിതത്തിലെ ഘടകങ്ങൾ വേർതിരിക്കാനുള്ള

മാർഗങ്ങൾ വിശദീകരിക്കാനും നിത്യജീവിതത്തിൽ

പ്രയോജനപ്പെടുത്താനും കഴിയുന്നു

*പദാർത്ഥത്തിന്റെ വിവിധ അവസ്ഥകളും സ്വഭാവ സവിശേഷതകളും തിരിച്ചറിഞ്ഞ് പ്രദാർത്ഥങ്ങളെ വർഗ്ഗീകരിക്കാൻ കഴിയുന്നു
*രാസമാറ്റങ്ങളുടെ സമവാക്യങ്ങൾ എഴുതാനും അവയെ സമീകരിക്കാനും കഴിയുന്നു
*രാസമാറ്റങ്ങളെ  പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു *ജലമലിനീകരണത്തിന്റെ കാരണങ്ങൾ തിരിച്ചറിഞ്ഞ് ജലം അലിനമാകാതിരിക്കാൻ ഉള്ള മാർഗങ്ങൾ സ്വീകരിക്കാൻ കഴിയുന്നു
*വിവിധ പ്ലാസ്റ്റിക്കുകളുടെ സവിശേഷതകൾ ഉപയോഗങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് ആവശ്യാനുസരണം തിരഞ്ഞെടുക്കാൻ കഴിയുന്നു
* പ്ലാസ്റ്റിക് മൂലമുള്ള മലിനീകരണത്തിന്റെ കാരണങ്ങളും ഫലങ്ങളും തിരിച്ചറിഞ്ഞ് ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു

ശാസ്ത്ര ലേബ നവീകരണം :
*യുപി ഹൈസ്കൂൾ ക്ലാസുകളിലെ ശാസ്ത്ര പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക *വേണ്ട സാമഗ്രികളുടെയും വസ്തുക്കളുടെയും ലിസ്റ്റ് തയ്യാറാക്കുക
*ശാസ്ത്ര ഉപകരണങ്ങൾ രാസവസ്തുക്കൾ ശേഖരണം

Simple Task great concept:

* ജീവശാസ്ത്ര ജാലകം ബ്ലോഗിൽ നിന്ന് തിരഞ്ഞെടുത്ത പരീക്ഷണങ്ങളുടെ ലിസ്റ്റ് ക്ലാസിൽ പ്രദർശിപ്പിക്കുന്നു
ശാസ്ത്ര സാഹിത്യം :
*ശാസ്ത്രപുസ്തകങ്ങളും മാസികകളും ലൈബ്രറിയിൽ ഉൾപ്പെടുത്താനായി ലിസ്റ്റ് ചെയ്യുന്നു
*ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആചരിക്കുന്നു
ശാസ്ത്ര പോഷണം :
*ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവരശേഖരണം
* ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ
*സയൻസ് ഡയറിയിൽ സമകാലീന ശാസ്ത്ര വാർത്തകൾ അപ്ഡേറ്റ് ചെയ്യൽ

## കൗമാര വിദ്യാഭ്യാസം

*പ്രവർത്തനങ്ങൾ കൗമാര കാലഘട്ടം സവിശേഷതകൾ നേരിടുന്ന പ്രശ്നങ്ങൾ ഉണ്ടാകുന്ന സംശയങ്ങൾ ശുചിത്വത്തിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് അവബോധം നൽകുന്നതിനായി PHC വെള്ളാനിക്കര FHC നടത്തറ എന്നീ എന്നിവിടങ്ങളിലെ ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നു

*മുഴുവൻ വിദ്യാർത്ഥികൾക്കും ലൈംഗിക വിദ്യാഭ്യാസം നൽകുന്നു
*വ്യക്തിഗത കൗൺസിലിംഗ് നൽകുന്നു



*ഇതിനായി പിഎച്ച്സിയിലെ സൈക്കോളജിസ്റ്റ് സേവനം തേടുന്നു *ജീവിതശൈലി രോഗങ്ങളെ കുറിച്ച് പ്രഭാഷണം നടത്തുന്നു
*പുകയില മയക്കുമരുന്ന് എന്നിവയുടെ ദോഷങ്ങളെ കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തുന്നു
*എയ്ഡ്സ് പകരുന്ന രീതി സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നിവയെ കുറിച്ചുള്ള ബോധവൽക്കരണം നടത്തുന്നു
*ശരീര ശുചിത്വം വ്യക്തി ശുചിത്വം എന്നിവ പാലിക്കേണ്ടതിനെ കുറിച്ച് ബോദവത്കരണ ക്ലാസ് നടത്തുന്നത്
*വൃത്തിയായ വസ്ത്രധാരണം ആഴ്ച്ചയിലൊരിക്കൽ നഖം പരിശോധിക്കൽ *മാലിന്യനിർമാർജനം, ക്ലാസ് റൂം വൃത്തിയാക്കൽ പരിസര ശുചീകരണം

*കൈ കഴുകുന്ന ഇടങ്ങളിൽ ഓഷ്യൻ സോപ്പ് എന്നിവ ഉപയോഗിക്കൽ *കൈ കഴുകുന്നത് എങ്ങനെ തുടങ്ങിയ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു

## തനത് പ്രവർത്തനം

2022 23 കാലഘട്ടത്തിലെ തനത് പ്രവർത്തനമായ SAY NO TO DRUGS തുടർ പ്രവർത്തനം നടത്തുന്നു എല്ലാ രക്ഷിതാക്കൾക്കും പരിസരവാസികൾക്കും ലഹരിയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ അടങ്ങിയ questionaireനൽകുകയും അവ പൂരിപ്പിച്ച് വാങ്ങിയതിനു ശേഷം അധ്യാപകരുടെ

കൂട്ടായ്മയോടുകൂടിക്രോഡീകരിക്കുകയും അവ റിപ്പോർട്ട് പഞ്ചായത്തിലേക്ക് നൽകുവാനും തീരുമാനിക്കുന്നു

കുട്ടികളുടെ രക്ഷിതാക്കളെ നിന്ന് കൂടുതൽ ബുദ്ധിമുട്ട് നേരിടുന്നവരെ കണ്ടെത്തി അവർക്കു വേണ്ട കൗൺസിലിംഗ് ബോധവൽക്കരണം കുടുംബത്തിലെ മറ്റ് അംഗങ്ങൾക്കുള്ള ബോധവൽക്കരണം എന്നിവ നടത്തുന്നു.

# അയ്യപ്പത്ത് കൊച്ചുകുട്ടൻ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ,പുച്ചട്ടി

# അക്കാദമിക മാസ്റ്റർ പ്ളാൻ

*

AKMHSS POOCHATTY

ERAVIMANGALAM